പ്രസിദ്ധീകരണത്തിന്

നായർ സർവീസ് സൊസൈറ്റിക്ക് എതിരെ ജ്ഞാനാശ്രമത്തിനു വേണ്ടി മാനേജിംഗ് ട്രസ്റ്റി എന്ന നിലയിൽ സ്വാമി ദയാനന്ദതീർത്ഥ ഫയൽ ചെയ്ത പ്രത്യേക അനുമതി ഹർജി തള്ളിക്കൊണ്ട് ബഹു. സുപ്രീംകോടതി 28.11.2024-ൽ ഉത്തരവായി. ബഹു. കേരളാഹൈക്കോടതിയുടെ വിധിക്ക് എതിരെയാണ് ജ്ഞാനാശ്രമം സുപ്രീം കോടതിയെ സമീപിച്ചത്.

6.12.1973-ലെ 2235-ാം പ്രമാണപ്രകാരം വ്യാസാകോളേജിന്റെയും അതിന്റെ സ്ഥാവരജംഗമവസ്തുക്കളുടെയും പൂർണ്ണമായ എല്ലാ അവകാശങ്ങളും ജ്ഞാനാശ്രമ ത്തിനു വേണ്ടി മാതാജി ശാന്താദേവിയും സ്വാമി പുരുഷോത്തമതീർത്ഥയും നായർ സർവീസ് സൊസൈറ്റിക്ക് കൈമാറ്റം ചെയ്തത് റദ്ദുചെയ്യണം എന്ന് ആവശ്യപ്പെട്ടാണ് 1985-ൽ തൃശൂർ സബ്കോടതിയിൽ ജ്ഞാനാശ്രമം എൻ.എസ്.എസ്സിന് എതിരെ അന്യായം സമർപ്പിച്ചത്.

ടി കോടതിയുടെ വിധിക്കെതിരെ നായർ സർവീസ് സൊസൈറ്റി 1992-ൽ ബഹു. ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയും, എൻ.എസ്.എസ്സിന് എതിരെ സബ്കോടതിയിൽ സമർപ്പിച്ച ടി അന്യായം നിലനില്ക്കത്തക്കതല്ല എന്നു കണ്ടെത്തി ബഹു. ഹൈക്കോടതി എൻ.എസ്.എസ്സിന്റെ അപ്പീൽ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

അതിന് എതിരെയാണ് ജ്ഞാനാശ്രമത്തിനു വേണ്ടി സ്വാമി ദയാനന്ദതീർത്ഥ സുപ്രീംകോടതിയെ സമീപിച്ചത്.

നായർ സർവീസ് സൊസൈറ്റിക്കുവേണ്ടി സീനിയർ അഭിഭാഷകൻ രഞ്ജിത് കുമാർ, എം. ഗിരീഷ്കുമാർ, അങ്കുർ എസ്. കുൽക്കർണി, വി. വിജുലാൽ എന്നിവർ ഹാജരായി.

പെരുന്ന
28.11.2024

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി